## ജനസമ്പർക്കപരിപാടിക്കു ശേഷം നയങ്ങളിൽ പൊളിച്ചെഴുത്തുണ്ടാകും: മുഖ്യമന്ത്രി ഉമ്മൻചാണ്ടി

എല്ലാ ജില്ലകളിലെയും ജനസമ്പർക്ക പരിപാടിക്കു ശേഷം സംസ്ഥാനത്തു ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിലും നയങ്ങളിലും പൊളിച്ചെഴുത്തുണ്ടാകുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. മാക്കാംകുന്ന് സെന്റ്. സ്റ്റീഫൻസ് കൺവൻഷൻ സെന്ററിൽ സംസ്ഥാനത്തെ എട്ടാമത്തെ ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനസമ്പർക്ക പരിപാടിയിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും എടുക്കുന്ന
അവലോകനവും പ്രത്യേകമായി നടത്തും. ഒരു പരാതിക്കും പൂർണമായ പരിഹാരം ഉണ്ടാക്കുമെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ ഒരു പരാതിയും പരിഹരിക്കപ്പെടാതെ പോകരുതെന്നും ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന സഹായം ചെയ്യുകയെന്നതാണ് ഉദ്യോഗസ്ഥർ ചെയ്യേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സർക്കാർ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ പലതും നടക്കുന്നില്ല. ഇതിനു ഉദ്യോഗസ്ഥരെ മാത്രം കുറ്റം പറഞ്ഞ് മാറിനിൽക്കാൻ സർക്കാരിനു കഴിയില്ല. നിലവിലുള്ള പല നിയമങ്ങളും ജനം ആഗ്രഹിക്കുന്നത് നടപ്പാക്കുന്നതിനു തടസമാകുന്നുണ്ട്. ഇക്കാര്യത്തിൽ ഗുണപരമായ ഒരു സമീപനം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജനങ്ങളും കൂടിച്ചേരുന്ന ഇത്തരം കൂട്ടായ്മയാണ് ജനസമ്പർക്ക പരിപാടിയുടെ വിജയം. ഒറ്റയ്ക്കു നിന്നാൽ ആർക്കും ഒന്നും ചെയ്യാനാകില്ല. ഒന്നിച്ചുനിന്നാൽ അത്ഭുതങ്ങൾ കാണിക്കാമെന്നതിന്റെ തെളിവാണ് ജനസമ്പർക്കവേദികളിൽ കാണുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കെ.ശിവദാസൻ നായർ എം.എൽ.എ. അധ്യക്ഷത ചടങ്ങിൽ ആരോഗ്യമന്ത്രി അടൂർ പ്രകാശ്, എം.പി.മാരായ പി.ജെ.കുര്യൻ, ആന്റോ ആന്റണി, എം.എൽ.എ.മാരായ മാത്യു ടി. തോമസ്, രാജു എബ്രഹാം, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ബാബു ജോർജ്, നഗരസഭാധ്യക്ഷൻ എ.സുരേഷ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ല കളക്ടർ പി. വേണുഗോപാൽ സ്വാഗതം പറഞ്ഞു.

## അപ്പർ കുട്ടനാട് കുടിവെള്ള പദ്ധതിക്കു അംഗീകാരം; ആറന്മുളയിൽ മാലിന്യസംസ്കരണ പ്ലാന്റിനു ഭൂമി

തിരുവല്ല താലൂക്കിലെ പുഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലെ നാലുപഞ്ചായത്തുകളിലെ ജനങ്ങളുടെ ഏറെ നാളായുള്ള ആവശ്യത്തിനു ജനസമ്പർക്ക പരിപാടിയിൽ തീരുമാനമായി. ആറന്മുള ക്ഷേത്രത്തിലെയും വള്ളസദ്യയുടെയും മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഒരു മാലിന്യസംസ്കരണ പ്ലാന്റിനായി റവന്യു ഭൂമി നൽകാനും മുഖ്യമന്ത്രി നിർദേശിച്ചു. പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന ജനസമ്പർക്ക പരിപാടിയിൽ ഏറെനാളായി വികസനപ്രവർത്തനങ്ങളിൽ അനുഭവപ്പെട്ടിരുന്ന പ്രതിബന്ധങ്ങൾ അതിവേഗത്തിലാണ് ഇവിടെ തീർപ്പാക്കപ്പെട്ടത്.

തിരുവല്ലയിലെ പുഴിക്കാട് ബ്ലോക്കിലെ കടപ്രം, നിരണം, നെടുമ്പ്രം, പെരിങ്ങര പഞ്ചായത്തുകളിലുള്ളവർ ഇന്നനുഭവിക്കുന്ന കുടിവെള്ളക്ഷാമത്തിനു ശാശ്വതപരിഹാരമായാണ് അപ്പർകുട്ടനാട് കുടിവെള്ളപദ്ധതിക്കു അംഗീകാരം നൽകാൻ മുഖ്യമന്ത്രി തീരുമാനിച്ചത്. റാന്നി ബ്ലോക്കിലെ നാറാണംമൂഴി പഞ്ചായത്തിലെ അടിച്ചിപ്പുഴ കോളനിയിലെ ഭവനരഹിതരായ 15 വീട്ടുകാർക്ക് വീടുവയ്ക്കുന്നതിനു മുഖ്യമന്ത്രി ധനസഹായം നൽകി. ഇന്ദിര ആവാസ് യോജന പദ്ധതിയിൽപെടുത്തി പട്ടികവർഗകുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചത്.

റാന്നിയിലെ ചിറ്റാർ– സീതത്തോട് വില്ലേജിൽ വേലിമലയിൽ ഭൂരഹിതരായ 18 പട്ടികവർഗ കുടുംബങ്ങൾക്ക് ജനസമ്പർക്കവേദിയിൽ പട്ടയം നൽകി. മുരുപ്പേൽ രാമൻ കേശവൻ, വലിയപതാലിൽ അമ്മിണി കുട്ടായി, പുത്തൻവീട്ടിൽ മാധവൻ ഗോവിന്ദൻ, പാലനിൽക്കുന്നതിൽ ശിവരാമൻ, വലിയപുരയ്ക്കൽ കുമാരൻ രാമകൃഷ്ണൻ എന്നിവർ മുഖ്യമന്ത്രിയിൽ നിന്നു രേഖകൾ കൈപ്പറ്റി. കൃഷിവകുപ്പിന്റെ യുവജനപദ്ധതിയിൽ നിന്നു 497 യുവാക്കൾക്കായി 24.85 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിച്ചത്. പ്രമാടം കൃഷിഭവനിലെ മൂന്നു യുവകർഷകർ മുഖ്യമന്ത്രിയിൽ നിന്ന് തുക ഏറ്റുവാങ്ങി.

തിരുവല്ല തോട്ടപ്പുഴശേരി പഞ്ചായത്തിൽ കൃഷിവകുപ്പ് നടപ്പാക്കിയ വടക്കാഞ്ചേരി മാതൃക പദ്ധതിക്കു 41 ലക്ഷം രൂപ അനുവദിച്ചു. പമ്പ ലേബർ ഗ്രൂപ്പ് സെക്രട്ടറി മുഖ്യമന്ത്രിയിൽ നിന്നു തുക കൈപ്പറ്റി. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം കൃഷി നശിച്ച തിരുവല്ല നിരണത്തുതടം പാടശേഖരത്തിലെ 174 നെൽകർഷകർക്കു 9.44 ലക്ഷം രൂപ അനുവദിച്ചത് പാടശേഖര സമിതി സെക്രട്ടറി പി.ഒ.മാത്യു ഏറ്റുവാങ്ങി.

## മുല്ലപ്പെരിയാർ: കേരള-തമിഴ്നാട് പ്രശ്നമാക്കാൻ ബോധപൂർവമായ ശ്രമം- മുഖ്യമന്ത്രി

കേരളത്തിനാകെ ആശങ്കയുള്ള മുല്ലപ്പെരിയാർ പ്രശ്നം ഏറ്റവും വേഗം പരിഹരിക്കപ്പെടണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യമെന്നും ഇത് കേരളവും തമിഴ്നാടുമായുള്ള പ്രശ്നമായി ചിത്രീകരിക്കാൻ ബോധപൂർമായ ശ്രമം നടക്കുന്നുണ്ടെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. പത്തനംതിട്ടയിൽ ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എന്തൊക്കെ പ്രകോപനമുണ്ടായാലും ജനങ്ങൾ ആത്മസംയമനം പാലിക്കണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു.

കേരളത്തിനു സുരക്ഷയും തമിഴ്നാടിനു വെള്ളവുമെന്നുള്ള കാര്യത്തിൽ കേരളം ഒറ്റക്കെട്ടാണ്. തമിഴ്നാടിനു ഇന്നു കൊടുക്കുന്നതുപോലെ തന്നെ വെള്ളം തുടർന്നും നൽകാൻ കേരളം തയ്യാറാണെന്നും കേരളത്തിന്റെ ഈയാഗ്രഹം തമിഴ്നാട് മനസിലാക്കുമെന്നാണ് താൻ കരുതുന്നത്. പ്രകോപനപരമായ സമീപനമുണ്ടായിട്ടും കേരളം തികഞ്ഞ ആത്മസംയമനമാണ് കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.